# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 461 | 29.06.2015-ലെ മറുപടിയ്ക്ക്

### ത്രിവേണി/നീതി /നന്മ/സ്റ്റോറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര ത്രിവേണി/നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ/മറ്റു ന്യായവില വിപണന കേന്ദ്രങ്ങൾ എന്നിവ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 185 ത്രിവേണി സ്റ്റോറുകളും 666 നീതി സ്റ്റോറുകളും കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തുന്ന 86 നീതി മെഡിക്കൽ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്ന 312 നീതി മെഡിക്കൽ സ്റ്റോറുകളും ഉണ്ടായിരുന്നു. |
| (ബി) | ഈ സർക്കാർ ഓരോവർഷവും എത്ര നന്മ സ്റ്റോറുകൾ തുറന്നു പ്രവർത്തനം നടത്തി എന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ച കൺസ്യൂമർഫെഡ് നന്മ സ്റ്റോറുകളുടെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ പരാമർശിക്കുന്നു. |

| 2011-12 | 2012-13 | 2013-14 |
|---|---|---|
| ഇല്ല | 653 | 216 |

ഇപ്രകാരം 869 നന്മ സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചു. അടുത്ത കാലത്തായി ഫെഡറേഷന്റെ 23 ത്രിവേണി സ്റ്റോറുകൾ കൂടി പരിവർത്തനം ചെയ്ത് നന്മ സ്റ്റോറുകളാക്കി മാറ്റിയിട്ടുണ്ട്. ഇപ്രകാരം ആകെ 892 നന്മ സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചു.

(സി) പ്രസ്തുത സ്ഥാപനങ്ങൾ പ്രതിസന്ധി നേരിട്ടതു പ്രകാരം ഓരോ വർഷവും അടച്ച സ്ഥാപനങ്ങൾ ഏതെല്ലാം; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) സാമ്പത്തിക പ്രതിസന്ധി മൂലം ഓരോ വർഷവും അടച്ച നന്മ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | അടച്ച നന്മ സ്റ്റോറുകളുടെ എണ്ണം | | |
|---|---|---|---|
| | 2014-15 | 2015-16 | ആകെ |
| തിരുവനന്തപുരം | - | 2 | 2 |
| കൊല്ലം | 6 | 16 | 22 |
| ആലപ്പുഴ | - | 2 | 2 |
| പത്തനംതിട്ട | - | 3 | 3 |
| കോട്ടയം | 3 | - | 3 |
| ഇടുക്കി | - | 3 | 3 |
| എറണാകുളം | - | 11 | 11 |
| തൃശ്ശൂർ | - | 2 | 2 |
| പാലക്കാട് | - | 12 | 12 |
| മലപ്പുറം | - | 22 | 22 |
| കോഴിക്കോട് | - | 3 | 3 |
| വയനാട് | - | - | - |
| കണ്ണൂർ | - | 1 | 1 |
| കാസർഗോഡ് | - | - | - |
| ആകെ | 9 | 77 | 86 |

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ സബ്സിഡി സാധനങ്ങൾ ലഭ്യമല്ല എന്നതു മൂലം അടച്ചുപൂട്ടിയവ ഏതെല്ലാമെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കുമോ ; ഇതിനുകാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം ;

(ഡി) സബ്സിഡി സാധനങ്ങൾ ലഭ്യമല്ല എന്ന കാരണത്താൽ മാത്രം കൺസ്യൂമർഫെഡിന്റെ യാതൊരു വിധ സ്റ്റോറുകളും അടച്ച് പൂട്ടിയിട്ടില്ല.
നന്മ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ വാടക രഹിതമായി കരാർ അടിസ്ഥാനത്തിൽ അനുവദിച്ച സ്ഥലങ്ങളിലാണ്. ഇവയിൽ പല സ്റ്റോറുകളുടെയും കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിലും ഫെഡറേഷൻ നേരിടുന്ന സാമ്പത്തിക മാന്ദ്യം മൂലം വിൽപ്പന കുറയുകയും

തൽഫലമായി സ്റ്റോറുകൾ നേരിട്ട തുടർച്ചയായ സാമ്പത്തിക നഷ്ടം കാരണവുമാണ് പ്രസ്തുത സ്റ്റോറുകൾ നിർത്തലാക്കേണ്ടി വന്നത്. ഇതിന് ഉദ്യോഗസ്ഥർ ആരും തിന്നെ ഉത്തരവാദികളായിട്ടില്ല.

| | | | |
|---|---|---|---|
| (ഇ) | ഇവ തുടർന്ന് പ്രവർത്തിപ്പിയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ ഇതുവരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ഇ) | കൺസ്യൂമർഫെഡിൽ അനുഭവപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി മൂലം നിലവിൽ പ്രവർത്തിക്കുന്ന സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയ ശേഷം മാത്രമേ പുതിയ സ്റ്റോറുകൾ ആരംഭിക്കുകയുള്ളൂ എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർത്തലാക്കിയ സ്റ്റോറുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ